# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 797 | 30.06.2015-ൽ മറുപടിക്ക്

## ഐക്കോൺസിന്റെ (ICCONS) രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. ബി. സത്യൻ

**മറുപടി**

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഐക്കോൺസിന്റെ (ICCONS) തിരുവനന്തപുരം പുലയനാർ കോട്ടയിലെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങുന്നത് എന്തു കൊണ്ടാണ് ; | (എ) | തിരുവനന്തപുരം പുലയനാർകോട്ടയിലെ ഐക്കോൺസ് സെന്ററിൽ ഐ.പി. വാർഡ് ഉൾപ്പെടെയുള്ള രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ മുഴുവൻ ഫണ്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടില്ല. |
| (ബി) | ഐക്കോൺസിന്റെ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം ഏജൻസികളിൽ നിന്ന് എത്ര തുക വീതം ഫണ്ട് ലഭിക്കുന്നുണ്ട് ; | (ബി) | ഐക്കോൺസിന്റെ പ്രവർത്തനങ്ങൾക്കായി കേരള സർക്കാരിൽ നിന്നും തിരുവനന്തപുരം, ഷൊർണ്ണൂർ സെന്ററുകൾക്കായി പദ്ധതിയിനത്തിൽ 5 കോടി രൂപയും, പദ്ധതിയേതരയിനത്തിൽ 186.85 ലക്ഷം രൂപയും 2015-16-ൽ വകയിരുത്തിയിട്ടുണ്ട്. മറ്റു ഏജൻസികളിൽ നിന്നും സഹായം ലഭിച്ചിട്ടില്ല. |
| (സി) | രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തിന് എത്ര തുകയാണ് ചെലവുവരുന്നത് ; | (സി) | ഐക്കോൺസിന്റെ തിരുവനന്തപുരം സെന്ററിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിന് ഏകദേശം 5 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | ഐക്കോൺസിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു ; അതിൽ എത്ര തുക വിനിയോഗിക്കാൻ കഴിഞ്ഞു? | (ഡി) | ഐക്കോൺസിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ 4.5 കോടി രൂപയും, പദ്ധതിയേതരയിനത്തിൽ 172.5 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഇതിൽ പദ്ധതിയിനത്തിൽ 3.75 കോടി രൂപയും പദ്ധതിയേതരയിനത്തിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**